പേനക്കത്തിയുടെ വായന
ഇ. പി. രാജഗോപാലൻ

1

# പേനക്കത്തിയുടെ വായന

**ഇ. പി. രാജഗോപാലൻ**

'ആരാധകന്മാരോ സ്നേഹിതന്മാരോ ഇല്ലാത്ത എന്റെ ഇപ്പോഴത്തെ പണിപ്പുരക്ക് ഒരു നാട്ടുമ്പുറത്തെ കരുവാന്റെ ആലയോടാണ് സാദൃശ്യം. ഞാൻ ശ്രദ്ധാപൂർവ്വം ഒരു പേനകത്തി പണിതീർക്കുന്നു. വഴുതിവീണുകൊണ്ടിരിക്കുന്ന കണ്ണട ഇടക്കിടക്ക് ഉറപ്പിച്ചുക്കൊണ്ട് പലപാട് ഞാനത് തന്നെത്താൻ പരിശോധിക്കുകയാണെന്ന ഭാവത്തിൽ അതിന്റെ ചന്തം ആസ്വദിക്കുകയായി. പിന്നെ, നല്ല 'ശിക്ഷ കഴിച്ചോർക്കുമില്ല വിശ്വാസമാത്മനി' എന്നില്ലേ, ഞാൻ തിരിഞ്ഞൊന്നു വിളിക്കും 'എടോ ഒന്നിങ്ങട്ട് വരൂ'... ഉടുതുണിയിൽ കയ്യും തുടച്ച് എന്റെ കരുവാത്തി പ്രത്യക്ഷപ്പെടും. ഇഗ്ലീഷ് കട്ലറികളിൽ എവിടെയോ ട്രെയ്നിംഗ് കഴിച്ച് വന്ന ആളെപ്പോലെ ആയമ്മ എന്റെ മനോഹരശില്പ്പമെടുത്ത് തിരിച്ചും മറിച്ചും നോക്കുകയായി. ഒടുവിൽ സംതൃപ്തമായ ഭാവത്തോടെ അതിങ്ങു തിരിച്ചേൽപ്പിക്കും. മിക്കവാറും ഇങ്ങനെ ഒരഭിപ്രായത്തോടു കൂടി; 'എന്താ ഇത്ര സംശയിക്കാനുള്ളത്? ഇങ്ങനെ തന്നെയല്ലേ ഒരു മടവാള്?'

ഞാൻ കുനിഞ്ഞ് ഒന്നും മിണ്ടാതെ അതിന്മേൽ രണ്ട് തുടയ്ക്കൽ കൂടി തുടച്ച് അത് ആവശ്യക്കാർക്ക് കൊടുക്കുകയും ചെയ്യും.'

'എന്റെ പണിപ്പുര' എന്ന പേരിൽ ഇടശ്ശേരി എഴുതിയ ലേഖനത്തിന്റെ അവസാനഭാഗമാണല്ലോ മുകളിൽ കൊടുത്തത്. ഇടശ്ശേരിയുടെ കവിതകളുടെയും ലേഖനങ്ങളുടെയും മുഴു സമാഹാരങ്ങളിൽ 'എന്റെ പണിപ്പുര' ഉണ്ട്. സരസമായ, ആത്മകഥാഖ്യാനമെന്നപോലെയുള്ള ഒന്നാണ് ഈ വിവരണം. ഇതിന് ഇടശ്ശേരിക്കലയുടേതെന്നപോലെ സാഹിത്യത്തിന്റെ മൊത്തത്തിലുള്ള സ്വഭാവപഠനത്തിൽ നല്ല ഇടം കിട്ടേണ്ടതുണ്ട്.

തന്റെ എഴുത്തുമുറിയെ പണിപ്പുരയായി കവി ആദ്യം സങ്കൽപ്പിക്കുന്നു. ഇത് ഒരു പകരം വയ്പ്പാണ്. ദന്തഗോപുരം, ഏകാന്തതയുടെ കുടീരം തുടങ്ങിയ പഴയ സങ്കൽപ്പങ്ങൾ പഴകിയവ കൂടിയാണ് എന്ന് ധ്വനിപ്പിക്കുകയാണിവിടെ. ആ കാൽപ്പനികവും വരേണ്യവുമായ സങ്കല്പ്പങ്ങൾക്ക് പകരമാണ് തൊഴിലാളിത്തത്തിന്റെ സംസ്കാരത്തിൽനിന്നെടുത്ത വാക്ക് - പണിപ്പുര - വരുന്നത്. കലാകാരൻ തൊഴിലാളിയാണ്. പണിക്കാരനാണെന്ന് വരുന്നതിൽ മാറിയ കാലത്തിന്റെ അടയാളമുണ്ട്. (എന്റെ ഇപ്പോഴത്തെ പണിപ്പുര എന്നാണ് പ്രയോഗം. പ്രത്യേകം ശ്രദ്ധിക്കാം ഇപ്പോഴത്തെ എന്നു പറയുന്നത്)

ഭാഷയും ഭാവനയും ആയുധങ്ങളായി എടുത്തുപയോഗിക്കുന്ന തൊഴിലാണ് കവിത അല്ലെങ്കിൽ സാഹിത്യം. ഇതറിഞ്ഞ് പ്രവൃത്തിയെടുക്കുന്ന ആളിന് മാത്രമേ ജനസാമാന്യത്തിന്റെ മനസ്സറിയാനാകൂ. കവിയെ സംബന്ധിച്ച മായാവലയങ്ങൾ മാഞ്ഞുപോയിരിക്കുന്നു - ഈ കാര്യം സ്വന്തം നിലയിൽ നന്നായി തിരിച്ചറിഞ്ഞ കവിയാണ് തന്റെ സർഗ്ഗ സ്ഥലത്തെ പണിപ്പുര (work shed) യായി കാണുന്നത്. പണിപ്പുര എന്ന വാക്കുതന്നെ പതുക്കെപ്പതുക്കെ വീര്യം കുറഞ്ഞുകുറഞ്ഞ് സാധാരണമാവുന്നുണ്ടോയെന്ന സംശയം ഇടശ്ശേരിക്കുണ്ടായോ? അങ്ങനെ ആലോചിച്ച് നോക്കാവുന്നതാണ്. അതുകൊണ്ടാണ് ഇങ്ങനെയൊരു വിശദീകരണം നൽകുന്നത്. ഒരു നാട്ടുമ്പുറത്തെ കരുവാന്റെ ആല... . കവി പെട്ടന്ന് നാടൻ ഇരുമ്പു പണിക്കാരനാകുന്നു - കൊല്ലൻ (black smith), എന്തൊരു മാറ്റമാണിത്. കവി തൊഴിലാളിയായി പുനരവതരിക്കുകയാണ്. പാരമ്പര്യം തനിക്കുനല്കിയ ഉയർന്ന അവകാശങ്ങൾ കവി (privileges) സ്വയം വേണ്ടെന്ന് വയ്ക്കുന്നു. കവിക്ക് ഇനി മൃദുലതയോട് ഒരു ചാർച്ചയും ഇല്ല. ഇരുമ്പു പണിക്കാരന്റെ ബലവും സാഹസികതയുമാണ് പുതിയകാലത്തെ കവി ആഗ്രഹിക്കുന്നത്. അയാൾ ഗാനലോലനല്ല - ചഞ്ചലചിത്തനല്ല. തീയും ചുറ്റികയും ഇരുമ്പുമൊക്കെയാണ് അയാളുടെ ഭാവനശേഷിക്ക് പ്രതീക്ഷകളാകുന്നത്. കവി തൊഴിലാളിയോളം വലുതാവുന്നു - ആവേശകരമായ ഐക്യപ്പെടൽ.

ഇടശ്ശേരിക്കവിതയിൽ ഒളിഞ്ഞും തെളിഞ്ഞുമുള്ള ആയുധവഴക്കത്തിന്റെ (weapon cult) സൂചനകൂടി കരുവാന്റെ ആലയിൽ നിന്ന് വായിക്കാനാവുന്നുണ്ട്. കാവിലെ പാട്ട് ആയുധപ്പാട്ടുകൂടിയാണ് - വാളിന്റെ ഒളിയും ഒലിയും

ആ പാട്ടിലുണ്ട്. കലപ്പ, കത്തി, എഴുത്താണി, മഴു, ശസ്ത്രം, അരിവാൾ, കൈക്കോട്ട്, കൊഴു... എത്രയെത്രവാക്കുകൾ. ഈ കൂട്ടത്തിൽ കൂട്ടാം 'പേനക്കത്തി'യെ. ഈ വാക്കിന് ചെറിയൊരു പരിണാമ കഥയുണ്ട്. പേനക്കത്തി('പേനാക്കത്തി' എന്നും)യ്ക്ക് പേനയുമായുള്ള ബന്ധം ഇന്ന് മങ്ങിപ്പോയിട്ടുണ്ട്. Pen knife ന്റെ മലയാളമായി പ്രചരിച്ച വാക്കാണത്. കുയിൽപ്പേനയും ചെത്തുന്നതിനുള്ളത് - എന്നതാണ് ശബ്ദതാരാവലിയിലെ അർത്ഥം. കുയിൽപ്പേന തൂവൽപ്പേനയാണ്. തന്റെ കവിതയെയാണ് ഇടശ്ശേരി 'പേനക്കത്തി'യെന്ന് വിളിക്കുന്നത്. ആ വാക്കിൽ ('പേന'യുള്ളതുകൊണ്ട്) രചനയുടെ ധ്വനി നല്ലോണമുണ്ട്.

പേനക്കത്തിയെ കരുവാന്റെ ഭാര്യ കാണുന്നത് പേനക്കത്തിയായിട്ടല്ല. അവർക്ക് അതൊരു മടവാളാണ്. ചെറിയ മഴു, കൈക്കോടാലി, ആയുധ നിഘണ്ഡുവിലേക്ക് ഒരു വാക്കുകൂടി വന്നുചേരുന്നു. എന്നാൽ ഇതല്ലല്ലോ ഇതിന്റെ പ്രാധാന്യം. കവിക്ക് പേനക്കത്തിയായിത്തോന്നിയ രചന വായനക്കാരിക്ക് മടവാളാണ്. വായനക്കാരി (കരുവാത്തി) എന്ന വിചാരത്തിൽ തന്നെ നല്ല പുതുമയുണ്ട്. തന്റെ കവിതയുടെ ശരിയായ വായന നടത്തുന്നയാൾ എന്ന നിലയിലാണ് കവി അവരെ കാണുന്നത്. എന്നാൽ അവർ തനിക്കുതോന്നുന്ന അർത്ഥമാണ് അതിൽ വായിക്കുന്നത്. ഈ വായനക്കാരി കൺസ്യൂമർ അല്ല. അർത്ഥത്തിന്റെ producer ആണ്. കർത്താവിന്റെ അർത്ഥമൊന്നുമല്ല അവർക്ക് പ്രധാനം. 'എങ്ങനെയുണ്ട് എന്റെ പേനക്കത്തി?' എന്നൊന്നും ഈ വിവരണത്തിലില്ല. കവി രചനയെപ്പറ്റി മൗനിയാണ്. കൃതി പുറത്തുവരുന്നതോടെ കവി അതിന്റെ വായനക്കാരിലൊരാൾ മാത്രമായിത്തീരുന്നു. കൃതിയാണ് വായനക്കാരോട് സംസാരിക്കുന്നത് - കവിയല്ല. ആ മൗനമാണിത്. മുന്നിലെത്തുന്ന കൃതി വായനക്കാരൻ(കാരി) ശ്രദ്ധിക്കുന്നു. ഇടശ്ശേരിയുടെ ഭാഷയിൽ 'തിരിച്ചും മറിച്ചും' നോക്കുകയായി. എന്നിട്ടാണ് അക്ഷരത്തെക്കുറിച്ച് നിഗമനത്തിലെത്തുന്നത്. കവിയുടെ പേനക്കത്തി, ഒരു ഭൗതികമാറ്റവുമില്ലാതെ, വായനക്കാരന്റെ മടവാളായിത്തീരുന്നു. ഇതിനോട് ഒരു കവി അവലംബിക്കേണ്ട നയമെന്താണ്? തന്റെ അർത്ഥം തെറ്റിച്ചയാളിനെ ശകാരിക്കുകയല്ല കവിയുടെ ധർമ്മം. അർത്ഥോൽപ്പാദനത്തിന്റെ ജനാധിപത്യത്തെ അംഗീകരിക്കുകയാണ് കവി, പ്രത്യേകിച്ചും മാറിയ കാലത്തെ കവി, പുതിയ കവി, ചെയ്യേണ്ടത്. ഈ ദർശനവും ഇവിടെ നല്കിയിട്ടുണ്ട്. 'മടവാൾ' പ്രസ്താവം കേട്ട് കവി ഒന്നും മിണ്ടുന്നില്ല. അപ്രതീക്ഷിതമായ മടവാളാക്രമണത്തിൽ നടുങ്ങുന്നുപോലുമില്ല; അതാണ് പുതിയ കവിത്വം.

എഴുത്തുകാരന്റെ മാറിയ പദവി, വായനക്കാരന്റെ പുതിയ സ്ഥാനം എന്നിവയെക്കുറിച്ച് ഇടശ്ശേരിത്തമുള്ള ഒരു ആഹ്വാനമാണുണ്ടായിരിക്കുന്നത്. അതിന്റെ നാടകീയതയും സൈദ്ധാന്തിക മാനവും എടുത്തു പറയണം. ഇടശ്ശേരിയുടെ 'പണിപ്പുര' ജാനകിയമ്മയെക്കുറിച്ചുള്ള (ഭാവനാത്മകമെങ്കിലും) വികാരവത്തായ സ്മരണയായിക്കൂടി ഇന്ന് മാറിയിട്ടുണ്ട്. കവിതയുടെ ഗൗരവമറിയുന്ന വായനക്കാരിയായിരുന്നു ജാനകിയമ്മ. സ്വന്തം നിലപാടുമുണ്ടായിരുന്നു. ഹൃദ്യമായ ഒരു കുടുംബസ്മരണ. അത് കനമുള്ള സാഹിത്യവിചാരമായും നിലനില്ക്കുന്നു.